22.01.2024

ശ്രീ K.J. മാക്സി MLA ഉന്നയിച്ച സബ്മിഷൻ മറുപടി

സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിച്ചുവന്നിരുന്നു. ഗുണഭോക്താക്കളിൽ പലവിധകാരണങ്ങളാൽ അനർഹരായവരെ ഒഴിവാക്കുന്നതിനും, അർഹരായ പെൻഷൻകാരെ കണ്ടെത്തുന്നതിനുമായാണ് ബയോമെട്രിക് മസ്റ്ററിംഗ് ഏർപ്പെടുത്തിയത്.

മുതിർന്ന പൌരന്മാർക്കും ഭിന്നശേഷിക്കാർക്കും ഉൾപ്പെടെ അക്ഷയ കേന്ദ്രങ്ങളിൽ നേരിട്ടെത്തി മസ്റ്റർ ചെയ്യാൻ കഴിയാത്ത എല്ലാ പെൻഷൻ ഗുണഭോക്താക്കളെയും അവരുടെ വീടുകളിലെത്തി മസ്റ്റർ ചെയ്യുന്നതിന് അക്ഷയകേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

50 വയസ്സു അവിവാഹിത / വിധവാ പെൻഷൻ ഗുണഭോക്താവ് വിവാഹം / പുനർവിവാഹം ചെയ്തിട്ടില്ലയെന്നു തെളിയിക്കുന്ന ഒരു ഗസ്റ്റഡ് ഓഫീസറുടെ / വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യു അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണെന്നും 15.02.2019-ലെ സ.ഉ(എംഎസ്) നം. 88/19/ധന, 11.12.2019-ലെ സർക്കുലർ നമ്പർ 97/19/ധന. പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ സമർപ്പിച്ചിട്ടുള്ള സാക്ഷ്യപത്രം അപ്-ലോഡ് ചെയ്യാൻ 2020 ഫെബ്രുവരി 29 വരെയാണ് സമയം നൽകിയിരുന്നത്. എന്നാൽ പല പ്രാദേശിക സർക്കാരുകളിലും ഇത്തരത്തിൽ സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ അപ്-ലോഡ് ചെയ്യാത്തതിനാൽ പെൻഷൻ മുടങ്ങിയെന്നറിയിച്ച് ധാരാളം പരാതികൾ ലഭിച്ചതിനെത്തുടർന്ന് ഇതിനായി 30/06/2020 വരെ സമയം അനുവദിച്ചിരുന്നു. സമയ പരിധി ദീർഘിപ്പിക്കണമെന്നു വീണ്ടും ആവശ്യമുയർന്ന സാഹചര്യത്തിൽ 16/07/2020 മുതൽ 22/07/2020 വരെയും തുടർന്ന് 10/08/2020 മുതൽ 16/08/2020 വരെയും 01/10/2020 മുതൽ 20/10/2020 വരെയും സമയം അനുവദിച്ചിരുന്നു.